'ഭരണഭാഷ - മാതൃഭാഷ'

**തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ മുതിർന്ന ഭരണകാര്യസ്ഥയുടെ നടപടിക്രമ ഉത്തരവ്**

**(ഹാജർ: ഹേമപ്രഭ.ഡി)**

വിഷയം:- പൊ.മ.വ - ജീവനക്കാര്യം - കൊല്ലം നിരത്ത് വിഭാഗം ഗ്രേഡ്-I ഡ്രൈവർ ശ്രീ. ശ്രീകുമാർ എസ്.നെ തസ്തികമാറ്റം വഴി ഓഫീസ് അറ്റൻഡന്റായി നിയമനം നൽകുന്നതിന് അനുമതി ഉത്തരവ് - സംബന്ധിച്ച്.

പരാമർശം:- ഉത്തരവ് നം. സി.ഉ(കൈ) നം. 55/2017/പൊ.മ.വ. തീയതി 16/10/2017.

**ഉത്തരവ് നം. ഇഡി3-25404/2017, തീയതി 28/10/2017**

പൊതുമരാമത്ത് വകുപ്പ് കൊല്ലം നിരത്ത് വിഭാഗത്തിൽ ഗ്രേഡ്-I ഡ്രൈവറായി സേവന മനുഷ്ഠിക്കുന്ന ശ്രീ. ശ്രീകുമാർ .എസ് തന്റെ ശാരീരിക വൈഷമ്യം കാരണം ഡ്രൈവർ തസ്തികയിൽ തുടർന്നും ജോലി ചെയ്യുവാൻ സാധിക്കാത്തതിനാൽ ടി തസ്തികയിലെ ശമ്പളവും മറ്റാനുകൂല്യങ്ങളും സംരക്ഷിച്ചുകൊണ്ട് തസ്തികമാറ്റം അനുവദിച്ച് ഓഫീസ് അറ്റൻഡന്റായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം പ്രകാരം സർക്കാർ അനുമതി നൽകിട്ടുണ്ട്.

1995-ലെ "The person with Disabilities Act-ലെ 47-ാം വകുപ്പ് പ്രകാരവും, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയുടെ 06/05/2016 ലെ MRD/SCTIMIST/2016/780 നമ്പർ സാക്ഷ്യപത്ര പ്രകാരവും, ടിയാന്റെ ശാരീരിക അവശത പരിഗണിച്ചും, ശ്രീ. ശ്രീകുമാർ. എസ് നെ ഡ്രൈവർ തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി ഓഫീസ് അറ്റൻഡന്റായി നിയമിക്കുവാൻ ഉത്തരവാകുന്നു. ടിയാൾ ഡ്രൈവർ ഗ്രേഡ്-I തസ്തികയിൽ വാങ്ങിവരുന്ന അടിസ്ഥാന ശമ്പളം സംരക്ഷിച്ചു നൽകേണ്ടതാണ്.

ശ്രീ. ശ്രീകുമാറിന്റെ ശാരീരിക അവശത പരിഗണിച്ച് ടിയാനെ. കൊല്ലം ജില്ലയിൽ ചവറ കെട്ടിട സെക്ഷൻ ഓഫീസിലേക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു. ടിയാൻ പുതിയ തസ്തികയിൽ പരിവീക്ഷാകാലം പൂർത്തീകരിക്കേണ്ടതാണ്. വിടുതൽ ചെയ്യുന്നതും പുതിയ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കുന്നതും ബന്ധപ്പെട്ട് ഓഫീസ് മേധാവി യഥാക്രമം അറിയിക്കേണ്ടതാണ്.

ഒപ്പ്/-

മുതിർന്ന ഭരണകാര്യസ്ഥ

വ്യക്തിക്ക്

പകർപ്പ്:-

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്,നിരത്ത് വിഭാഗം, കൊല്ലം.
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം,കൊല്ലം.
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെട്ടിട സെക്ഷൻ ഓഫീസ്,ചവറ.
4. സീനിയോറിറ്റി സെൽ/സൂക്ഷിപ്പു ഫയൽ/അധിക പകർപ്പ്.

5. IT cell.

//നിർദ്ദേശാനുസരണം//

സീനിയർ സൂപ്രണ്ട് (മിനിസ്റ്റീരിയൽ)

FC1/AM/8421